ഒരു പടം ഇറങ്ങി ചുരുങ്ങിയത് രണ്ടു മാസം കഴിയും മുമ്പുതന്നെ അതിന്റെ വ്യാജ സി.ഡി. കാസറ്റ് ഇറങ്ങുകയില്ല എന്ന സ്ഥിതി വന്നാൽ ഗ്രാമങ്ങളിലെ തിയേറ്ററുകളിൽ വലിയ വർദ്ധനവുണ്ടാകും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഫിലിം റെപ്രസെന്റേറ്റീവ്സിന് ക്ഷേമനിധി ഏർപ്പെടുത്തുക എന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. സി.ഡി. കാസറ്റ് ഉണ്ടാക്കുന്നത് കുറച്ചുപേരുടെ ജീവിത മാർഗ്ഗമാണ് എങ്കിലും പുതിയ സിനിമ വന്നാലുടൻ അതിന്റെ സി.ഡി. കാസറ്റ് വരുന്നത് ശരിയല്ല. ഈ രണ്ടുകൂട്ടരേയും ദ്രോഹിക്കാത്ത നിലയിൽ എന്തെങ്കിലും പരിഹാരം വന്നാൽ നന്നായിരിക്കും.

ശ്രീ. എ. കെ. ബാലൻ : സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധിയിൽ ഇത് ഒരു ഘടകം തന്നെയാണ്. സിനിമ റിലീസ് ചെയ്യുന്ന ദിവസം തന്നെ അതിന്റെ സി.ഡി. വീടുകളിൽ എത്തുകയാണ്. ശക്തമായി അതിനെ നേരിടുന്നതിന് ഗവണ്മെന്റ് തീരുമാനിച്ചു. ആദ്യം കുറച്ച് നീക്കങ്ങളുണ്ടായി. പക്ഷെ പിന്നീട് ആ രൂപത്തിൽ മുന്നോട്ട് പോയില്ല. സി.ഡി. യുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അധോവോകം അതേ രൂപത്തിൽ തന്നെ ഇപ്പോൾ റിലീസ് ചെയ്യുന്ന ദിവസം തന്നെ സി.ഡി. കൾ വീടുകളിൽ എത്തിക്കുന്ന പ്രവർത്തനം നടത്തിവരുന്നുണ്ട്. അശ്ലീലപടങ്ങൾ ഒരു നിയന്ത്രണവും മില്ലാതെ പ്രദർശിപ്പിക്കപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു. You can continue next time. Please resume your seat.

[ചർച്ച തുടരും]

(5) 2004-ലെ കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ പിന്താങ്ങുന്നു.

ജവഹിരവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന്റെ ക്ഷേമനിധിക്കുവേണ്ടിയുള്ള ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഏൽപ്പിച്ചിട്ടുള്ള ഉദ്ദേശകാര്യങ്ങളുടെ വിവരണത്തിൽ തന്നെ അത് തള്ളാനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് നിരവധി പ്രശ്നങ്ങളുണ്ട്. അവർ ഒട്ടുമുക്കാലും പ്രൈവറ്റ് മേഖലയിൽ നിൽക്കുന്നവരാണ്. അതിനുള്ള സാമ്പത്തിക സ്ഥിതിയെപ്പറ്റി തിട്ടപ്പെടുത്താൻ ഇതുവരെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും; ഏത് രൂപത്തിൽ അത് ഗവൺമെന്റിനേയും സമൂഹത്തേയും ബാധിക്കും എന്നുള്ളതിനെക്കുറിച്ച് അറിയില്ല. മാത്രമല്ല, സ്വകാര്യ മേഖലയിലാണ് നിൽക്കുന്നത് എന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഇന്റർഫിയറൻസിന് ചില പരിമിതികളുണ്ട്. ഇക്കാരണങ്ങൾ കൊണ്ട് അദ്ദേഹം പറഞ്ഞ സ്പിരിട്ടിനെ ഉൾക്കൊള്ളുന്നു, പക്ഷേ ഇമ്മീഡിയറ്റായി ഇങ്ങനെ ഒരു നിയമം പാസ്സാക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഇതിനെ ഓപ്പോസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, മഹാഭാരത കഥയുടെ കാലം മുതൽ തന്നെ നമ്മുടെ ചരിത്രത്തിൽ കേബിൾ ടി. വി.-യെക്കുറിച്ച് പറയുന്നുണ്ട്. ആദ്യമായി ഭഗവാൻ ശ്രീകൃഷ്ണനാണ് കുരുക്ഷേത്രത്തിൽ നടന്ന കാര്യങ്ങളെല്ലാം തൽസമയസംപ്രേഷണം നടത്താൻ സഞ്ജയന് ദിവ്യദൃഷ്ടി നൽകിയത്. അങ്ങനെ രണ്ട് കണ്ണും കാണാൻ കഴിയാത്ത ധൃതരാഷ്ട്രർ രാജാവിന് വേണ്ടിയാണ് അങ്ങനെ ചെയ്തത്. സഞ്ജയനോട് ചോദിച്ചാൽ സഞ്ജയൻ നേരിട്ട് അറിടെനിന്ന് കുരുക്ഷേത്രം ദിവ്യ ദൃഷ്ടിയിൽ ദർശിച്ച് തൽസമയ സംപ്രേഷണം നടത്തുകയായിരുന്നു. ഇങ്ങനെയാണ് ഭഗവദ്ഗീത പറയുന്നത്. ധൃതരാഷ്ട്ര ഉവാച "ധർമ്മക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവ: മാമക: പാണ്ഡവാശ്ചൈവ കിമകുർവ്വത സഞ്ജയ?" സഞ്ജയനോട് ചോദിക്കുകയാണ് പുണ്യഭൂമിയായ കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്യാൻ ആഗ്രഹിച്ചു നിൽക്കുന്ന ദുര്യോധനാദികൾ ഉൾപ്പെട്ട നമ്മുടെ ഭാഗക്കാരും, പാണ്ഡവരും കൂടി എന്ത് ചെയ്തുവെന്നാണ്. അപ്പോൾ സഞ്ജയൻ മറുപടി പറയുകയാണ്, 2 സൈന്യങ്ങളും അവിടെ വന്നിട്ടുണ്ട്, അവർ അപ്പുറത്തും ഇപ്പുറത്തും നിൽക്കുകയാണ്, മുഖത്തോട് മുഖം നോക്കുകയാണ്. എന്ന്, അങ്ങനെ തൽസമയ സംപ്രേക്ഷണം പുരാണങ്ങളിൽ തന്നെയുണ്ട്. അതുകൊണ്ട് അത് ഇപ്പോഴൊന്നും പുതിയതായി ഉണ്ടായതല്ല എന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തെ ടി. വി. ഓപ്പറേറ്റിംഗ് മേഖലയുടെ സമഗ്ര വികസനത്തിനും ഈ മേഖലയിലെ തൊഴിവാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന ബില്ലാണിത്. കേബിൾ ടി. വി. ഓപ്പറേഷന് വേണ്ടി ആയിരത്തിയിരുന്നൂറോളം സ്ഥാപനങ്ങൾ കേരളത്തിലെ വിവിധ ഹെഡ് പോസ്റ്റോഫീസുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി അതൊന്ന് തിരക്കണം. പകുതിയോളം ഓപ്പറേറ്റേഴ്സ് ഒരു പ്രധാന കേബിൾ നെറ്റ് വർക്കിന്റെ franchisee ആയി മാറിക്കൊണ്ടിരിക്കുകയാണ്. 20000 ത്തോളം പേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗവും താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. വളർന്നുകൊണ്ടിരിക്കുന്ന മേഖലയായതിനാൽ ഈ രംഗത്തെ കമ്പനികളിൽ അധികവും ഇപ്പോഴും മുതൽമുടക്കിക്കൊണ്ടിരിക്കുകയാണ്. വളരെ പുരുക്കം സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിൽ നടക്കുന്നത്. 2000-ലെ സെൻസസ് അനുസരിച്ച് മുപ്പത്തിരണ്ടര ലക്ഷം ടി. വി. സെറ്റുകളാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ 2004-ലെ National Readership Survey അനുസരിച്ച് അതു 36 ലക്ഷമായി ഉയർന്നിരിക്കുന്നു. 2000-ലെ Confederation of Indian Industries-ന്റെ പഠനത്തിൽ, 65 വീടുകളിൽ പഠനം നടത്തിയതിൽ 6.7 % മാത്രം കേബിൾ കണക്ഷൻ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 2004-ൽ National Readership Survey നടത്തിയപ്പോൾ അതു 18 ശതമാനമായി ഉയർന്നിരിക്കുകയാണ്. ഇത് കാണിക്കുന്നത് ഈ മേഖലയുടെ വളർച്ചയാണ്. ഇതോടൊപ്പം തന്നെ അങ്ങോട്ടുമിങ്ങോട്ടുമുള്ള പോരാട്ടവും ആരംഭിച്ചിരിക്കുകയാണ്. ആലപ്പുഴയിൽ കഴിഞ്ഞ ഒരു വർഷത്തിന് മുൻപ് രണ്ട് യുവാക്കളെ പൂട്ടുകൊന്നു. കേബിൾ ടി.വി.ക്കാർ തമ്മിലുള്ള പരസ്പര മത്സരത്തിന്റെ ഫലമായി അടുത്ത കാലത്ത് തിരുവനന്തപുരത്ത് കേബിൾ വൈനുകൾ മുറിച്ചു കളയുന്ന മൽസരമാണ് നടക്കുന്നത്. ഇവർ തമ്മിലുള്ള മത്സരം വെറും competition ആയിട്ട് വന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഞാൻ കേബിൾ ടി.വി ഓപ്പറേറ്റർമാരുടെ ക്ഷേമനിധിക്കുവേണ്ടി ഒരു ബിൽ പരിശോധിക്കുന്നതിന് ഈ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നത്. Cable T.V. Network Regulation Act, 1995 അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കേബിൾ ഓപ്പറേറ്റർ എന്നത് കേബിൾ ടി.വി. നെറ്റ്‌വർക്കിലൂടെ സേവനം ലഭ്യമാക്കുകയും അല്ലെങ്കിൽ ഈ ശൃംഖല നിയന്ത്രിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. ഈ നിർവ്വചനമനുസരിച്ചാണെങ്കിൽ 1200-ന് താഴെ കേബിൾ ഓപ്പറേറ്റർമാരെയുള്ളു. അതാണ് ഞാൻ നേരത്തെ പറഞ്ഞ രജിസ്ട്രേഷൻ കാര്യം.

ശ്രീ. ബി. വിജയകുമാർ : ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെങ്കിൽ കുറഞ്ഞത് 50000 പേരെങ്കിലും ഇല്ലെങ്കിൽ ഒരു ക്ഷേമനിധി കൊണ്ടുവരാൻ സർക്കാരിന് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് അംഗസംഖ്യയിലുള്ള കുറവ് പരിഗണിച്ച് ഈ സംസ്ഥാനത്തുള്ള വീഡിയോഗ്രാഫേഴ്സിനെക്കൂടെ ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള നിർദ്ദേശം അങ്ങേയ്ക്കുണ്ടോ? എന്താണഭിപ്രായം?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : വീഡിയോ ലൈബ്രറി നടത്തുന്നവരെ ഇതിനകത്ത് കൊണ്ടുവരാം. പക്ഷേ വീഡിയോഗ്രാഫേഴ്സിനെ ഫോട്ടോഗ്രാഫേഴ്സുമായി ചേർത്ത് പിന്നാലെ മറ്റൊരു ബിൽ കൊണ്ടുവരുന്നുണ്ട്. അത് അടുത്ത സമ്മേളനത്തിൽ വരും. ഇപ്പോൾ മുന്നോട്ടു വച്ചിരിക്കുന്ന ക്ഷേമനിധി ബില്ലിൽ കേബിൾ ടി.വി.യുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരെ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. ഇതനുസരിച്ച് 500 കണക്ഷനിൽ 2 ആൾ എന്ന നിലയിൽ ഈ മേഖലയിൽ സമീപം ജോലി ചെയ്യുന്നവർ 7200 പേരാണ്. 18000 പേർ കരാറടിസ്ഥാനത്തിൽ പണിയെടുക്കുന്നുണ്ട്. ധനകാര്യ മെമ്മോറാണ്ടത്തിൽ ഞാൻ പറഞ്ഞിട്ടുള്ളത് 5 ലക്ഷം പേർ ഉണ്ടെന്നാണെങ്കിലും എന്റെ അന്വേഷണത്തിൽ ഏറ്റവും വലിയ കേബിൾ നെറ്റ്‌വർക്കായ എ.സി.വി.യ്ക്കും 1000-ൽ പരംപേർ മാത്രമേ സമീപം ജീവനക്കാരായിട്ടുള്ളു. എ.സി.വി.-യാണ് ഈ രംഗത്ത് ഏറ്റവും വലിയ ഒരു അധികാരി.

ശ്രീ. സി. കെ. നാണു : കേബിൾ ടി.വി.യുമായി ബന്ധപ്പെട്ട് വീഡിയോ എടുക്കുന്ന ചിലരുണ്ടല്ലോ. സാമ്പത്തികമായി കഴിവില്ലാത്തവരാണ്. അവർക്ക് ഒരു വീഡിയോ ക്യാമറ വാങ്ങിക്കാൻ എന്തെങ്കിലും ഒരു സാമ്പത്തിക സഹായം നൽകാൻ, സ്വന്തമായി തൊഴിൽ എടുക്കുന്നു എന്നുള്ളതിന്റെയടിസ്ഥാനത്തിൽ അവർക്ക് ഒരു സാമ്പത്തിക സഹായം നൽകാൻ ഗവൺമെന്റിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ? ആ വിധത്തിൽ അവരെ സഹായിച്ചാൽ ഇന്നവർക്കുള്ള വരുമാനത്തേക്കാൾ കൂടുതൽ വരുമാനം കേബിൾ ടി. വി. എടുക്കുന്നതോടൊപ്പം അവർക്കുണ്ടാകും. അതിനെപ്പറ്റി കൂടിയാലോചിക്കാൻ സന്നദ്ധമാകുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അങ്ങ് ഇപ്പോൾ ആവശ്യപ്പെടുന്നതും ശ്രീ. ബി. വിജയകുമാർ നേരത്തേ ആവശ്യപ്പെട്ടതും രണ്ടും ഒന്നാണ്. അത് ആലോചിക്കേണ്ട വിഷയം തന്നെയാണ്. ഓപ്പറേറ്റർമാരടക്കമുള്ളവർക്കുള്ള ക്ഷേമനിധിയും, നിധിയിലേക്കുള്ള അംശാദായവും നിധിയിലേക്കുള്ള ധനസമാഹരണവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ വ്യക്തമാക്കി. ഇതിൽ ഉടമയുടെ വിഹിതം ഞാൻ വ്യക്തമാക്കാതിരുന്നത് ഗവൺമെന്റിന്റെ നിലപാട് അറിഞ്ഞതിനുശേഷം അതിനൊരു ഭേദഗതിയോടെ അവതരിപ്പിക്കാമെന്ന് ഉദ്ദേശിച്ചതുകൊണ്ടാണ്. വിഹിതത്തിന് സമാനമായ തുക ഉടമയും കൂടി നൽകണം എന്ന് നിശ്ചയിച്ചാൽ ഇതിനുള്ള ധനമാർഗ്ഗം കണ്ടെത്താൻ കഴിയും, ഇത് പ്രാവർത്തികമാക്കാനും കഴിയും. വിശ്രമവേളയിൽ വിനോദത്തിനുള്ള ഏറ്റവും വലിയ ഒരു അവസരമായി കേബിൾ ടി. വി. മാറി. വൈകുന്നേരം ആറര മണി മുതൽ രാത്രി വരെ, പകൽ മുഴുവൻ അദ്ധ്വാനിച്ചിട്ട് വീട്ടിൽ എത്തുന്ന, ഉദ്യോഗസ്ഥന്മാരടക്കം, ഉദ്യോഗസ്ഥകളടക്കം, തൊഴിലാളികളടക്കം എല്ലാപേരും കേബിൾ സീരിയലിന് പുറകെയാണ് പാഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഗുണ ദോഷങ്ങളെല്ലാം സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. പല പുത്തൻ പ്രവണതകൾക്കും അത് വഴിതെളിക്കുന്നുണ്ട്. അതുപോലെത്തന്നെ ഓപ്പറേറ്റർമാർ ഉടമയായിട്ടുള്ള ഓരോ അംഗവും 25 രൂപ വീതം പ്രതിമാസം നിധിയിലേക്ക് നിക്ഷേപിച്ചാൽ രണ്ടുലക്ഷത്തി പതിനാറായിരം രൂപ ഓരോ വർഷവും സമാഹരിക്കപ്പെടും. അംഗങ്ങളുടെ വിഹിതമായ ഇതേതുക രണ്ടുലക്ഷത്തി പതിനാറായിരവും, സർക്കാരിന്റെ വിഹിതമായ ആറ് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരം രൂപയും പ്രതിവർഷം നിധിയിലേക്ക് സമാഹരിക്കാൻ കഴിയും. ബില്ലിലെ 6-ാം ഖണ്ഡിക കേബിൾ ടി. വി. ഓപ്പറേറ്റർമാരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന കാര്യമാണ് പറയുന്നത്. അത് മത്സരത്തിന് തുടക്കമിടുന്ന ഒരു രംഗമായതുകൊണ്ട് പ്രാവർത്തികമാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എങ്കിൽത്തന്നെയും നേരത്തേ ഞാൻ സൂചിപ്പിച്ചപോലെ അനാശാസ്യ പ്രവണത വർദ്ധിക്കുന്നതുകൊണ്ട് കായികപരമായി പോലും അങ്ങോട്ടുമിങ്ങോട്ടും ശത്രുതാപരമായ നിലപാട് സ്വീകരിക്കുന്നതുകൊണ്ട്, ഇവർക്ക് ചികിത്സാ സഹായം ഏർപ്പെടുത്തുക, അപകടത്തിൽപ്പെടുന്നവർക്ക് സഹായം നൽകുക, അതുപോലെ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുക, ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നിവയും ഇതിന്റെ ഭാഗമായി വരും. അതുപോലെതന്നെ പുതിയ മേഖലയായതുകൊണ്ട് ഇപ്പോൾ റിട്ടയർമെന്റ് വരാത്തതുകൊണ്ട് ആ തുക വർദ്ധിച്ച് 60 വയസ് കഴിയുമ്പോൾ പിരിയുന്ന സമയത്ത് ഇതിൽനിന്ന് തുക ലഭ്യമാക്കാൻ ഒരു വലിയ mobilization നടത്താൻ പറ്റുന്നതാണ്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇന്ന് എല്ലാം തൽസമയം നമ്മുടെ മുന്നിൽ എത്തിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. ഭൂമണ്ഡലത്തിൽ മാത്രമല്ല, ഭൂമിയുടെ അഗാധ തലങ്ങളിൽ ഉള്ള കാര്യങ്ങൾ വരെ Discovery Channel, National Geographic Channel അങ്ങനെയുള്ള വിവിധ ചാനലുകൾ വഴി നമുക്കറിയാൻ സാധിക്കും. അടുത്തകാലത്ത് ഞാൻ തേക്കടിയിൽ പോയപ്പോൾ National Geographic Channel കാർ അവിടെ വന്നതായി അറിയാൻ കഴിഞ്ഞു. കടുവ മാനിനെ പിടിക്കുന്ന രംഗം ഷൂട്ട് ചെയ്യുന്നതിന് വേണ്ടി ഇവർ വളരെ ദിവസങ്ങളായി അവിടെ തമ്പടിച്ചിരിക്കുകയാണെന്നാണറിഞ്ഞത്. ഒരിക്കൽ മാത്രമേ ഈ ദൃശ്യം കിട്ടുകയുള്ളു. ഇതിന് വേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടാണ് ആളുകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അങ്ങനെ അറിവിന്റെ ഒരു ഭണ്ഡാഗാരം നമുക്കു മുന്നിൽ തുറന്നു തരികയാണ്. പാശ്ചാത്യ സംസ്ക്കാരത്തിന്റെ സന്നിവേശം അതിപ്രസരമായി കടന്നുകയറുന്നതുകൊണ്ട്, അത്തരം പ്രശ്നങ്ങൾ ഉണ്ടെങ്കിൽ, അവ പരിശോധിക്കാനും നിയന്ത്രിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും കഴിയണം. അതുപോലെ ഈ പ്രേതസീരിയലുകളെ കുറിച്ചൊക്കെ പറഞ്ഞു. ഭാവനാസൃഷ്ടിയായ പല കഥകളും വരുന്നുണ്ട്. അടുത്ത കാലത്ത് പ്രേതങ്ങളുടെ മാത്രമായ സീരിയലുകൾ കൂടെ വന്നിട്ടുണ്ട്. ശ്രീ. ഒ. മാധവന്റെ മകൾ ശ്രീമതി. സന്ധ്യാ രാജേന്ദ്രൻ ചുരിദാറുമിട്ട്, മുടി ബോബുചെയ്ത് സാധാരണ, മലയാളത്തിൽ പ്രേതങ്ങൾ വെള്ളവസ്ത്രമിട്ടാണ് വരുന്നതെങ്കിൽ ഇത് ചുരിദാറുമിട്ട്, മുടിയൊക്കെ മുറിച്ച് ആധുനികമായി വരുന്നു. എന്റെ പ്രസംഗം അടുത്ത ദിവസം തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time. അടുത്ത ബിൽ അവതരിപ്പിക്കാം.

[ചർച്ച തുടരും]

LIBRARY ARCHIVES Kerala Legislative Assembly